All  Kerala Press Release 1.2.2017

# അനുശോചനം

കൊച്ചി: മുൻകേന്ദ്രമന്ത്രിയും പാർലമെന്റ് അംഗവുമായ ഇ അഹമ്മദിന്റെ നിര്യാണത്തിൽ കെസിഎഫ് (കേരള കാത്തലിക് ഫെഡറേഷൻ) അനുശോചനം രേഖപ്പെടുത്തി. സംസ്ഥാന രാഷ്ട്രീയത്തിലും ദേശീയ രാഷ്ട്രീയത്തിലും അദ്ദേഹംപുലർത്തിയ ഉയർന്ന സംസ്കാരം പ്രത്യേകം സ്മരണീയമാണ്. പ്രവാസികളുടെ വിവിധ വിഷയങ്ങൾ കാര്യഗൗരവത്തോടെ കൈകാര്യംചെയ്ത് നിരവധി കുടുംബങ്ങൾക്ക് ആശ്വാസം നല്കിയിട്ടുണ്ട്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് അദ്ദേഹം സ്വീകരിച്ച ഉറച്ച നിലപാടുകൾ എന്നും സ്മരിക്കപ്പെടുമെന്നു കെസിഎഫ് അനുശോചനപ്രമേയത്തിൽ പറഞ്ഞു. കെസിഎഫ് പ്രസിഡന്റ് ഷാജി ജോർജ്, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട്, കെസിഎഫ് ജനറൽ സെക്രട്ടറി ജോൺസൺ കെ. മാത്യു, പ്രൊഫ. ജോസ്കുട്ടി ഒഴുകയിൽ എന്നിവർ പ്രസംഗിച്ചു.

**ഷാജി ജോർജ്,**
കെസിഎഫ് പ്രസിഡന്റ്